**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1336** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>വാഹനങ്ങളിലെ രൂപമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാഹനങ്ങളുടെ രൂപമാറ്റത്തിന് നാളിതുവരെ പിഴയിനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ട്,വിശദമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ബി)** വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥ എന്താണ്; ഇതു സംബന്ധിച്ച് ഗതാഗത കമ്മീഷണർ എന്തെങ്കിലും ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 52, കേന്ദ്ര മോട്ടോർ വാഹന ചട്ടം 112 എന്നിവയിലാണ് വാഹന രൂപമാറ്റം സംബന്ധിച്ച വിവരങ്ങൾ നിഷ്കർഷിച്ചിരിക്കുന്നത്. വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നത് സംബന്ധിച്ച് ഗതാഗത കമ്മീഷണറുടെ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

**(സി)** വാഹനങ്ങളിൽ രൂപമാറ്റം വരുത്തുന്നതിന് അനുമതി നൽകാൻ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരമുണ്ടോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മോട്ടോർ വാഹന നിയമം 1988-ലെ സെക്ഷൻ 52 പ്രകാരം വാഹനത്തിന്റെ അടിസ്ഥാന ഘടനയിലോ (Basic Structure) അല്ലെങ്കിൽ നിർമാണ സവിശേഷതകളിലോ (Original specification) മാറ്റം വരുത്താത്ത തരത്തിലുള്ള രൂപമാറ്റം (Alteration) അനുവദനീയമാണ്.

**സെക്ഷൻ ഓഫീസർ**